ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി

43 (48) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ വിവിധ വകുപ്പുകളിലായി എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) പല വകുപ്പുകളും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നല്കാമോ ;

(ഡി) ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഒരു ലിസ്റ്റിൽ നിന്നും കുറഞ്ഞത് 50% പേരെയെങ്കിലും നിയമിക്കാതെ പുതിയ അപേക്ഷ ക്ഷണിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി - ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളും 2015 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികളോട് സർക്കാർ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളൂ. അതിനാൽ ഒരു ലിസ്റ്റിലെ എത്ര പേർക്ക് നിയമനം ലഭിക്കും എന്ന് കൃത്യമായി മുൻകൂട്ടി നിശ്ചയിക്കുവാൻ കഴിയുകയില്ല.

അംഗപരിമിതരായ ഉദ്യോഗാർത്ഥികളുടെ വൈകല്യം തെളിയിക്കുന്നത്തിനുള്ള നിബന്ധന

44 (49) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനത്തിന് അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് വൈകല്യം തെളിയിക്കുന്നതിന് പുതിയ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ട് വർഷം സർവ്വീസുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് യോഗ്യതയുള്ള ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനമൂലം ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ

45 (50) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. 2013-ൽ പരീക്ഷ നടത്തി, 2014 മേയ് മാസം ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്താൻ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനത്തിനുവേണ്ടി എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തി ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 232 ഒഴിവുകൾ.

(സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യുടെ ഓൺലൈൻ പരീക്ഷാ സംവിധാനം

46 (51) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷകൾ വേഗത്തിലും കാര്യക്ഷമമായും നടത്തുന്നതിന് പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly